LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ബോധ്യമുണ്ട്.

(ബി) ചാത്തന്നൂർ ടൗൺ കെട്ടിടം നിർമ്മിക്കുന്നതിന് കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കിയ 1,25,93,379- രൂപയുടെ എസ്റ്റിമേറ്റ് ടൗൺ ഡറയക്ടർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഈ സാമ്പത്തിക വർഷത്തെ ബജറ്റിൽ ഇതിനാവശ്യമായ ഫണ്ട് ലഭ്യമല്ലാത്തതിനാൽ നടപ്പ് വർഷം ഈ പ്രവർത്തിക്ക് ഭരണാനുമതി നൽകുന്നകാര്യം പരിഗണിക്കാനാകില്ല. കൂടാതെ ടൗണുകളുടെ കെട്ടിടനിർമ്മാണം പൊളുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കുന്നതിനുള്ള സാധ്യതയും സർക്കാർ പരിശോധിച്ചു വരികയാണ്.

പട്ടാമ്പി മണ്ഡലത്തിലെ കൊപ്പത്ത് സബ്ടൗൺ

237 (577) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പാലക്കാട് ജില്ലയിലെ പട്ടാമ്പി മണ്ഡലത്തിലെ കൊപ്പത്ത് ഒരു ടൗൺ ആരംഭിക്കണമെന്ന ദീർഘകാലമായുള്ള ആവശ്യം സർക്കാരിന്റെ പരിഗണന യിലുണ്ടോ വിശദമാക്കാമോ ?

ഉത്തരം

കൊപ്പം കേന്ദ്രമാക്കി സബ് ടൗൺ ആരംഭിക്കണമെന്നുള്ള അപേക്ഷ സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായിട്ടുണ്ട്. സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ചും, ടൗൺ ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട പല പദ്ധതികളും പുരോഗമിച്ചുവരുന്നതിനാൽ നിലവിലുള്ള ടൗണുകളുടെ പ്രവർത്തനം തന്നെ കൂടുതൽ കാര്യക്ഷമവും വിപുലവും ആകുമെന്നതിനാലും, കൊപ്പത്ത് പുതിയ സബ് ടൗൺ തുടങ്ങുന്നതിനു വേണ്ട ഭരണപരമായ അനിവാര്യത നിലവിലില്ലാത്തതിനാലും പുതിയ സബ് ടൗൺ ആരംഭിക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.